# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 25.09.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) വെല്ലുവിളികളിൽ നിന്ന് അവസരങ്ങൾ സൃഷ്ടിക്കുന്ന രാജ്യമാണ് ഇന്ത്യയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. അന്താരാഷ്ട്ര വ്യാപാര പ്രദർശനം പ്രധാനമന്ത്രി ഉത്തർപ്രദേശിൽ ഉദ്ഘാടനം ചെയ്തു.

**Prime Minister Narendra Modi has said that despite global disruptions and uncertainty, India's growth remains remarkable. PM Inaugurated Uttar Pradesh International Trade Show in Greater Noida.**

2) സ്വച്ഛ് ഭാരത് അഭിയാൻ രാജ്യത്തെ എല്ലാ ജനങ്ങളിലേക്കും വിപ്ലവകരമായ രീതിയിൽ എത്തിച്ചേർന്നതായി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്.

**Defence Minister Rajnath Singh said that the way 'Swach Bharat Abhiyan' has reached every person in the country in the form of a revolution is amazing.**

3) ലഡാക്കിലെ ജനങ്ങൾക്ക് ഭരണഘടനാപരമായ പിന്തുണ ഉറപ്പുനൽകുമെന്ന് കേന്ദ്രസർക്കാർ. ലേയിൽ സ്ഥിതിഗതികൾ നിയന്ത്രണ വിധേയം.

**Home Ministry says Government stands committed to aspirations of people in Ladakh by providing adequate constitutional safeguards. After the violent clashes in Leh yesterday, the situation is now under Control.**

4) റെയിൽ അധിഷ്ഠിത മൊബൈൽ ലോഞ്ചറിൽ നിന്ന് അഗ്നി-പ്രൈം മിസൈൽ വിജയകരമായി പരീക്ഷിച്ച് **DRDO.**

**India has carried out the successful launch of the Intermediate Range Agni-Prime Missile from a rail-based Mobile launcher system.**

5) കേരളത്തിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴ തുടരും; ഏഴ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത; കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

**IMD predicts heavy rainfall in Kerala; Yellow alert issued for seven district; fishing activities prohibited along Kerala-Karnataka and Lakshadweep coasts.**

6) ഏഷ്യാ കപ്പ് ക്രിക്കറ്റിൽ പാകിസ്ഥാൻ ഇന്ന് ബംഗ്ലാദേശിനെ നേരിടും.

**In Asia Cup Cricket Pakistan will taken on Bangladesh today**

**&&&&&&&&&&&&&&&&&&**

## HEADLINE-1

**REV. PM- UP TRADE SHOW (EARLY) (INTRO)**

*ആഗോള വെല്ലുവിളികൾക്കിടയിലും അഭൂതപൂർവമായ വളർച്ച കൈവരിക്കാൻ ഇന്ത്യയ്ക്ക് സാധിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ഉത്തർപ്രദേശിലെ ഗ്രേറ്റർ നോയിഡയിൽ അന്താരാഷ്ട്ര വ്യാപാര പ്രദർശനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വെല്ലുവിളികളിൽ നിന്ന് രാജ്യം അവസരങ്ങൾ സൃഷ്ടിക്കുകയും, പുതു വഴി തെളിക്കുകയുമാണ് ചെയ്യുന്നതെന്നും ശ്രീ മോദി പറഞ്ഞു. ഇന്ത്യ കൂടുതൽ സ്വയം പര്യാപ്തമാകേണ്ടതുണ്ടെന്നും ഇതിനായുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.*

*(ഹോൾഡ് വോയ്സ്...)*

***യുപിഐ, ആധാർ, ഡിജിലോക്കർ തുടങ്ങിയ പ്ലാറ്റ്ഫോമുകളിലൂടെ നൂതന അവസരങ്ങൾ എല്ലാവരിലേക്കും എത്തിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. യുപി മുഖ്യമന്ത്രി യോഗി ആദിത്യനാഥ് ഉൾപ്പെടെയുള്ള പ്രമുഖർ ചടങ്ങിൽ സന്നിഹിതരായി.***

&&&&&&&&&&&&&&&&&

**PM Rajastan**

യുപി സന്ദർശനത്തിന് ശേഷം രാജസ്ഥാനിലെത്തുന്ന പ്രധാനമന്ത്രി ഒരു ലക്ഷത്തി 22 ആയിരം കോടി രൂപയുടെ വികസന പദ്ധതികൾക്ക് ബൻസ്വരയിൽ തുടക്കം കുറിക്കും. പിഎം കുസും ഗുണഭോക്താക്കളുമായും അദ്ദേഹം സംവദിക്കും. 19,000 കോടി രൂപയുടെ ഹരിതോർജ്ജ പദ്ധതികളുടെ ഉദ്ഘാടനവും പ്രധാനമന്ത്രി ഇന്ന് രാജസ്ഥാനിൽ നിർവഹിക്കും.

&&&&&&&&&&&&&&&&&

**PM – WORLD FOOD INDIA**

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന വേൾഡ് ഫുഡ് ഇന്ത്യ 2025 പ്രദർശനം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വൈകുന്നേരം ഉദ്ഘാടനം ചെയ്യും. ഭക്ഷ്യ സംസ്കരണ മേഖലയിലെ ഇന്ത്യയുടെ മുന്നേറ്റം, ഭക്ഷ്യ സുസ്ഥിരത, എന്നിവ വിശദമാക്കുന്ന വിധത്തിലാണ് നാല് ദിവസത്തെ പ്രദർശനം സംഘടിപ്പിച്ചിരിക്കുന്നത്. 21-ലധികം രാജ്യങ്ങൾ പരിപാടിയിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&

## HEADLINE-2

**SAWACHTA ABHIYAN – Rajnath Singh (INTRO )**

***സ്വച്ഛ് ഭാരത് അഭിയാൻ രാജ്യത്തെ എല്ലാ ജനങ്ങളിലേക്കും വിപ്ലവകരമായ രീതിയിൽ എത്തിച്ചേർന്നതായി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. 'സ്വച്ഛതാ ഹി സേവാ' ക്യാമ്പെയ്നിന്റെ ഭാഗമായി ന്യൂഡൽഹിയിലെ സൈനിക ആസ്ഥാനത്ത് , ശുചീകരണ തൊഴിലാളികളെ ആദരിക്കുകയായിരുന്നു അദ്ദേഹം.***

*(വോയിസ് ..........)*

*സംയുക്ത സേനാമേധാവി ജനറൽ അനിൽ ചൗഹാൻ, കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി, വ്യോമസേനാ മേധാവി എയർ ചീഫ് മാർഷൽ എ പി സിംഗ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു. സ്വച്ഛതാ ഹി സേവ ക്യാമ്പയിൻറെ ഭാഗമായി രാജ്യമെമ്പാടും വിപുലമായ പരിപാടികളാണ് നടക്കുന്നത്. ന്യൂഡൽഹിയിൽ നടന്ന പരിപാടിയിൽ കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നഡ്ഡ പങ്കെടുത്തു. കേന്ദ്ര ജലശക്തി മന്ത്രി സി.ആർ. പാട്ടീൽ ന്യൂഡൽഹിയിലെ കാളിന്ദി കുഞ്ച് ഘട്ടിൽ നടന്ന സ്വച്ഛതാ ഹി സേവ പ്രവർത്തനങ്ങളിൽ പങ്കുചേർന്നു.*

&&&&&&&&&&&&&&&&&&

## HEADLINE-3

**MHA- LADAKH**

കേന്ദ്ര ഭരണ പ്രദേശമായ ലഡാക്കിന് സംസ്ഥാന പദവി നൽകുക, പ്രദേശത്തെ ആറാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് നടന്ന പ്രതിഷേധം അക്രമാസക്തമായതിനെ തുടർന്ന് ലേയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. സ്ഥിതിഗതികൾ നിലവിൽ നിയന്ത്രണ വിധേയമാണെന്നും, ഇന്നലെ രാത്രിമുതൽ അനിഷ്ട സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും, ലേ ഡെപ്യൂട്ടി കമ്മീഷണർ അറിയിച്ചു. ലഡാക്കിലെ ജനങ്ങൾക്ക് ഭരണഘടനാപരമായ പിന്തുണ ഉറപ്പുനൽകുമെന്നും, ജനങ്ങളുടെ അഭിലാഷങ്ങൾ നിറവേറ്റാൻ പ്രതിജ്ഞബദ്ധമാണെന്നും കേന്ദ്രസർക്കാർ വ്യക്തമാക്കി. നിരാഹാര സമരം നടത്തുന്ന പരിസ്ഥിതിപ്രവർത്തകൻ സോനം വാങ്ചുക്കിന്റെ ആവശ്യപ്രകാരം ലേ അപെക്സ് ബോഡി, കാർഗിൽ ഡെമോക്രാറ്റിക് അലയൻസ് സംഘടനകളുമായി അനൗപചാരിക ചർച്ചകൾ നടത്തിയതായി ആഭ്യന്തര മന്ത്രാലയം അറിയിച്ചു. അടുത്ത മാസം 6 ന് ഇത് സംബന്ധിച്ച യോഗം ചേരുമെന്നും ലഡാക്കിൽ നിന്നുള്ള നേതാക്കളുമായി ഇന്നും നാളെയും കൂടിക്കാഴ്ചകൾ നടത്തുമെന്നും മന്ത്രാലയം വ്യക്തമാക്കി.

വിഷയത്തിൽ പ്രകോപനപരമായ ദൃശ്യങ്ങൾ സമൂഹ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കരുതെന്നും മന്ത്രാലയം അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&

## HEADLINE-4

**INDIA- MISSILE**

റെയിൽ അധിഷ്ഠിത മൊബൈൽ ലോഞ്ചറിൽ നിന്ന് അഗ്നി-പ്രൈം ഇന്റർമീഡിയറ്റ് റേഞ്ച് മിസൈലിന്റെ പരീക്ഷണം വിജയകരമായി നടത്തി DRDO. ഈ പുതുതലമുറ മിസൈൽ സംവിധാനം 2,000 കിലോമീറ്റർ ദൂരം വരെ സഞ്ചരിക്കാവുന്ന തരത്തിലാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. മിസൈൽ പരീക്ഷണം വിജയകരമായി പൂർത്തിയാക്കിയ DRDO യെ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് അഭിനന്ദിച്ചു.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...**

**(ബ്രേക്ക്)**

&&&&&&&&&&&&&&&&&&

**PRESIDENT**

രാഷ്ട്രപതി ദ്രൗപദി മുർമു സഫ്ദർ ജംഗ് റെയിൽവേ സ്റ്റേഷനിൽ നിന്ന് പ്രത്യേക ട്രെയിനിൽ ഉത്തർപ്രദേശിലെ വൃന്ദാവനിലെത്തി. ശ്രീ ബങ്കെ ബിഹാരി ക്ഷേത്രം, നിധിവൻ, കുബ്ജ കൃഷ്ണ മന്ദിർ എന്നിവിടങ്ങളിൽ രാഷ്ട്രപതി ദർശനം നടത്തും. വൃന്ദാവനിലെ സുദാമ കുടി സന്ദർശിക്കുന്ന രാഷ്ട്രപതി മഥുരയിലെ ശ്രീകൃഷ്ണ ജന്മസ്ഥാനിലും ദർശനം നടത്തും.

&&&&&&&&&&&&&&&&&&

**SEVA PARV- DEFENCE(intro)**

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കിയ കേന്ദ്ര സർക്കാർ , പ്രതിരോധ മേഖലയിലെ ഉത്പാദനം ശക്തിപ്പെടുത്തി, ഇന്ത്യയെ സ്വയംപര്യാപ്ത രാഷ്ട്രമാക്കി മാറ്റിയതിനെകുറിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്... ആഗോള പ്രതിരോധ വിപണിയിലെ ഉയർന്നുവരുന്ന ശക്തിയായി ഇന്ത്യ മാറിയത് നരേന്ദ്ര മോദിസർക്കാരിന്റെ ഭരണകാലയളവിലാണ്. ഓപ്പറേഷൻ സിന്ദൂറിൻറെ കാലയളവിൽ ഇന്ത്യയുടെ പ്രതിരോധ സ്വയംപര്യാപ്തത വ്യക്തമായതായി പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

(വോയിസ് പി എം )

പ്രതിരോധ ഉത്പാദനത്തിലെ സ്വയംപര്യാപ്തതയ്ക്ക് കേന്ദ്ര സർക്കാർ വളരെയധികം പ്രധാന്യമാണ് നൽകിവരുന്നത്.

(ക്ലോസ്സിംഗ് ട്യൂൺ)

&&&&&&&&&&&&&&&&&&

## GST REFORMS- TREATMENT PLANT

രാജ്യത്ത് ഈ മാസം 22 മുതൽ പ്രാബല്യത്തിൽ വന്ന ജിഎസ്ടി പരിഷ്കാരത്തിന്റെ ഭാഗമായി മലിനജല സംസ്കരണ പ്ലാന്റുകളുമായി ബന്ധപ്പെട്ട ജിഎസ്ടി 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചു. വ്യവസായസ്ഥാപനങ്ങളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ രീതി ഉപയോഗിക്കാൻ ഇത് പിന്തുണയേകും.

&&&&&&&&&&&&&&&&&&

## PALIYEKKARA TOLL

തൃശൂർ പാലിയേക്കര ടോൾ പ്ലാസയിൽ ടോൾ പിരിവ് നിർത്തിവച്ച നടപടി ദീർഘിപ്പിച്ച് ഹൈക്കോടതി. . ദേശീയ പാത 544 ലെ നിർമ്മാണ പ്രവർത്തികൾ

സംബന്ധിച്ച് റിപ്പോർട്ട് നല്കാൻ ദേശീയ പാത അതോറിറ്റിയോട് ഹൈക്കോടതി നിർദ്ദേശിച്ചു.

&&&&&&&&&&&&&&&&&

**CBSE-TENTATIVE DATE SHEET**

സിബിഎസ്ഇ 10, 12 ക്ലാസുകളിലെ ബോർഡ് പരീക്ഷകൾ അടുത്ത വർഷം ഫെബ്രുവരി 17 മുതൽ നടക്കും. തീയതികൾ താൽക്കാലികമാണെന്നും സ്കൂളുകൾ വിദ്യാർത്ഥികളുടെ പൂർണമായ പട്ടിക സമർപ്പിച്ചതിന് ശേഷമായിരിക്കും അന്തിമ തീയതി പ്രഖ്യാപിക്കുന്നതെന്നും സിബിഎസ്ഇ അറിയിച്ചു. ഇന്ത്യയിലും, 26 രാജ്യങ്ങളിലുമായി ഏകദേശം 45 ലക്ഷത്തോളം വിദ്യാർത്ഥികൾ പരീക്ഷ എഴുതും.

&&&&&&&&&&&&&&&&&

## HEADLINE-5

**WEATHER - KERALA**

കേരളത്തിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ഏഴ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെ മത്സ്യബന്ധനത്തിന് പോകരുതെന്നാണ് മുന്നറിയിപ്പ്. കേരളതീരത്ത് കടലാക്രമണത്തിനു സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

&&&&&&&&&&&&&&&&&

## HEADLINE-6

**ASIA CUP CRICKET**

ഏഷ്യാ കപ്പ് 20 ട്വന്റി ക്രിക്കറ്റിൽ ഇന്ന് പാകിസ്ഥാൻ ബംഗ്ലാദേശിനെ നേരിടും. ദുബായ് ഇൻറർനാഷണൽ സ്റ്റേഡിയത്തിൽ രാത്രി 8 നാണ് മത്സരം. സൂപ്പർ ഫോർ മത്സരത്തിൽ ഇന്നലെ ബംഗ്ലാദേശിനെ 41 റൺസിന് തകർത്ത് ഇന്ത്യ ഫൈനലിൽ കടന്നു. ഇന്ത്യ ഉയർത്തിയ 169 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ബംഗ്ലാദേശ് 127 റൺസിന്

പുറത്താവുകയായിരുന്നു. ഇന്നത്തെ മത്സര വിജയികളായിരിക്കും ഞായറാഴ്ച നടക്കുന്ന ഫൈനലിൽ ഇന്ത്യയെ നേരിടുക.

&&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിന്റെ 126-ാം പതിപ്പ് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. ദൂരദർശന്റെയും ആകാശവാണിയുടെയും മുഴുവൻ ശൃംഖലകളിലും പരിപാടി ലഭ്യമായിരിക്കും. 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും മൻ കി ബാത്തിലേക്ക് ആശയങ്ങൾ അറിയിക്കാനുള്ള സമയ പരിധി നാളെ അവസാനിക്കും.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&